بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 03.04.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബി ഹദ്റത്ത് ത്വൽഹ ബിൻ ഉബൈദുല്ലായുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢ الرَّحْمٰنِ الرَّحِيْمِ ۝٣ مٰلِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝٥

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝٧

തശഹ്ഹുദും തഅവ്വുദും സൂറഃ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ ഇപ്രകാരം പറഞ്ഞു;

ഇപ്പോഴത്തെ സാഹചര്യമനുസരിച്ചും ഇവിടെയുള്ള ഭരണകൂടത്തിന്റെ നിയമമനുസരിച്ചും പതിവുപോലെ ആളുകളെ മുന്നിലിരുത്തിക്കൊണ്ട് ഖുത്ബ നൽകാൻ സാധിക്കുകയില്ല. നിയമപരിധിയിൽ നിന്നുകൊണ്ട് അനുവദനീയമായ രീതിയിൽ ഇന്ന് ഇവിടെ സംവിധാനം ഒരുക്കിയിരിക്കുകയാണ്. പള്ളിയിൽ നിന്നു തന്നെയാണ് ഞാൻ ഖുത്ബ നൽകുന്നത് കാരണം ഇപ്പോൾ പള്ളിയിൽ എന്റെ മുമ്പിൽ അരെങ്കിലും ഉണ്ടെങ്കിലും ഇല്ലെങ്കിലും ലോകത്ത് ലക്ഷക്കണക്കിന് ആളുകൾ ഇപ്പോൾ എന്റെ ഖുത്ബ കേൾക്കുന്നുണ്ട്. ഈയൊരു ഐക്യം നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. ദുആ ചെയ്തുകൊണ്ടിരിക്കുകയും വേണം. അല്ലാഹു ഇപ്പോഴത്തെ അവസ്ഥ മെച്ചപ്പെടുത്തട്ടെ. മഹാവ്യാധി അകറ്റിക്കൊണ്ട് മസ്ജിദുകളുടെ ശോഭ വീണ്ടും തിരിച്ചുകൊണ്ടുവരുമാറാകട്ടെ.

ഹുസൂർ വീണ്ടും ഹദ്റത്ത് ത്വൽഹ ബിൻ ഉബൈദുല്ലാ(റ)യെക്കുറിച്ചു വിവരിച്ചുകൊണ്ടു പറഞ്ഞു; ഹദ്റത്ത് ഉമർ(റ) തന്റെ വഫാത്തിനു മുമ്പായി ഖിലാഫത്തുമായി ബന്ധപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. സ്വഹീഹ് ബുഖാരിയിൽ അതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു; ഹദ്റത്ത് ഉമർ(റ)ന്റെ വഫാത്തിന്റെ സമയമടുത്തപ്പോൾ ആളുകൾ പറഞ്ഞു; അമീറുൽ മുഅ്മിനീൻ ആരെയെങ്കിലും ഖലീഫയായി മുൻകൂട്ടി നിശ്ചയിച്ചിരിക്കേണ്ടതാണ് . അപ്പോൾ അദ്ദേഹം പറഞ്ഞു; നബി(സ)തിരുമേനിയുടെ വഫാത്തിന്റെ സമയത്ത് അവിടന്ന് തൃപ്തി പ്രകടിപ്പിച്ച ആ ഏതാനും ആളുകളല്ലാതെ ഖിലാഫത്തിന് അവകാശികളായി ഞാൻ ആരെയും കാണുന്നില്ല. തുടർന്ന് ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അലി, ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് സുബൈർ, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സഅദ്, ഹദ്റത്ത് അബ്ദുറഹാമാനുബ്നു ഔഫ്(റ) എന്നിവരുടെ പേരുകൾ എടുത്തു പറഞ്ഞു. എന്നിട്ടു പറഞ്ഞു അബ്ദുല്ലാഹിബ്നു ഉമർ നിങ്ങളോടൊപ്പം ഉണ്ടാകും എന്നാൽ ഖിലാഫത്തിൽ അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുകയില്ല.

ഹദ്റത്ത് ഉമർ(റ) ഈ വസിയ്യത്ത് ചെയ്യുമ്പോൾ ഹദ്റത്ത് ത്വൽഹ(റ) അവിടെയുണ്ടായിരുന്നില്ല. ഒരു ശരിയായ നിവേദനപ്രകാരം അദ്ദേഹം ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ബൈഅത്തിനു ശേഷമാണ് എത്തിച്ചേർന്നത്.

ഹദ്റത്ത് ഉസ്മാൻ ശഹീദായപ്പോൾ ബദറിലെ സ്വഹാബാക്കളെല്ലാം ഹദ്റത്ത് അലി(റ)യുടെ മുന്നിൽ ഹാജരായിക്കൊണ്ടു പറഞ്ഞു; ഞങ്ങൾ താങ്കളേക്കാൾ കൂടുതൽ അർഹതയുള്ള ആരെയും കാണുന്നില്ല അതുകൊണ്ട് താങ്കൾ കൈ നീട്ടിയാലും ഞങ്ങൾ ബൈഅത്തു ചെയ്യട്ടെ. അദ്ദേഹത്തെ ഏറ്റവും ആദ്യം ബൈഅത്തു ചെയ്തത് ഹദ്റത്ത് ത്വൽഹ(റ) ആയിരുന്നു.

ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബൈർ, ഹദ്റത്ത് ആയിശ(റ) എന്നിവരെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, അവർ ഖിലാഫത്തിനെ നിഷേധിക്കുന്നവരായിരുന്നില്ല. പക്ഷെ ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഘാതകരെക്കുറിച്ചുള്ള പ്രശ്നമായിരുന്നു അവർക്കുണ്ടായിരുന്നത്. അവർ ഹദ്റത്ത് അലി(റ)യെ ബൈഅത്തു ചെയ്തിരുന്നില്ല എന്നു പറയുന്നത് തെറ്റാണ്. ഹദ്റത്ത് ആയിശ(റ) തന്റെ തെറ്റ് അംഗീകരിച്ച് മദീനയിൽ പോയി. ത്വൽഹയും സുബൈറും(റ) മരിക്കുന്നതിനു മുമ്പായി ബൈഅത്തു ചെയ്തിരുന്നു. ഹദ്റത്ത് ത്വൽഹയും സുബൈറും(റ) നബി(സ)തിരുമേനി സ്വർഗ്ഗത്തെക്കുറിച്ച് സുവാർത്ത നൽകിയ അശ്‌റ മുബശ്ശറയിൽ ഉൾപ്പെട്ടിരുന്നു എന്നതാണ് മറ്റൊരു സവിശേഷത. നബി(സ) തിരുമേനിയുടെ പ്രവചനം സത്യമായി പുലരുമെന്നത് തീർച്ചയാണ്. മാത്രമല്ല അവർ (ഖിലാഫത്ത് വ്യവസ്ഥിതിയിൽ നിന്നും) അകന്നുപോയതിൽ നിന്നും തൗബ ചെയ്ത് തിരിച്ചു വരികയുമുണ്ടായി.

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ശഹാദത്ത്, ഹദ്റത്ത് അലി(റ)നു മേലുള്ള ബൈഅത്ത്, ജമൽ യുദ്ധം എന്നീ സംഭവങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം പറയുന്നു; ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ശഹാദത്തിനു ശേഷം മക്കയിലേക്ക് പുറപ്പെട്ട സംഘം ഹദ്റത്ത് ആയിശ(റ)യെ ഹദ്റത്ത് ഉസ്മാന്റെ രക്തത്തിനു പകരം ചോദിക്കാനായി ജിഹാദിന് ആഹ്വാനം നൽകാൻ പ്രേരിപ്പിക്കുകയുണ്ടായി. അങ്ങനെ അവർ വിളംബരം ചെയ്യുകയും സ്വാഹാബാക്കളോട് സഹായം ആവശ്യപ്പെടുകയും ചെയ്തു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബൈറും(റ) ഹദ്റത്ത് അലിയെ ബൈഅത്തു ചെയ്തത് എത്രയും പെട്ടെന്ന് ഹദ്റത്ത് ഉസ്മാ(റ)ന്റെ ഘാതകരോട് പകരം ചോദിക്കും എന്ന നിബന്ധനയിലായിരുന്നു. അവരുടെ എത്രയും പെട്ടെന്ന് എന്ന ഉദ്ദേശം ഹദ്റത്ത് അലി(റ)യുടെ അഭിപ്രായത്തിൽ അവസരോചിതമല്ലായിരുന്നു. അദ്ദേഹം ചിന്തിച്ചത് ആദ്യം എല്ലാം

പ്രവിശ്യാടിസ്ഥാനത്തിലാക്കുകയും എന്നിട്ട് ഘാതകർക്ക് ശിക്ഷനൽകുകയും ചെയ്യുക എന്നായിരുന്നു. ഈ അഭിപ്രായ വ്യത്യാസം കാരണം ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബൈറും(റ) ഹദ്റത്ത് അലി(റ) തന്റെ വാഗ്ദാനത്തിൽ നിന്നും പിന്തിരിയുകയാണെന്ന് ധരിച്ചു. അതിനാൽ അവർ മതനിയമപ്രകാരം സ്വയം ബൈഅത്തിൽ നിന്നും സ്വതന്ത്രരായി കരുതി. ഹദ്റത്ത് ആയിശയുടെ ആഹ്വാനം അവർക്കു ലഭിച്ചപ്പോൾ അവരും ഹദ്റത്ത് ആയിശ(റ)യുടെ കൂടെ ചേരുകയുണ്ടായി. എല്ലാവരും ചേർന്ന് ബസ്രയിലേക്കു നീങ്ങി. ഹദ്റത്ത് അലി(റ)ക്ക് ഈ സൈന്യത്തെക്കുറിച്ച് വിവരം ലഭിച്ചപ്പോൾ അദ്ദേഹവും ഒരു സൈന്യത്തെ തയ്യാറാക്കി ബസ്രയിലേക്കു പുറപ്പെട്ടു. ബസ്രയിലെത്തിയതിനു ശേഷം അദ്ദേഹം ഒരാളെ ഹദ്റത്ത് ആയിശയുടെയും ത്വൽഹയുടെയും സുബൈറിന്റെയും(റ) അടുത്തേക്കയച്ചു. അയാൾ പോയി അവരോട്, നിങ്ങളുടെ ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചു. ഞങ്ങളുടെ ഉദ്ദേശ്യം ഇസ്ലാഹ് (പ്രശ്ന നിവാരണം) മാത്രമാണെന്ന് അവർ മറുപടി പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു; ഇസ്ലാഹ് ആണ് നിങ്ങളുടെ ഉദ്ദേശ്യമെങ്കിൽ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ഈ രീതി ശരിയല്ല. ഒരു കലാപമായിരിക്കും ഇതിന്റെ ഫലം. ഈ സമയത്ത് നിങ്ങൾ ഒരാളെ വധിക്കുകയാണെങ്കിൽ ആയിരമാളുകൾ അയാളെ പിന്തുണക്കാനായി മുന്നോട്ടു വരും. അതാണിപ്പോൾ രാജ്യത്തിന്റെ അവസ്ഥ. അതുകൊണ്ട് ഇസ്ലാഹ് എന്നത് ആദ്യം രാജ്യത്തെ ഒത്തൊരുമയുടെ ചരടിൽ കോർക്കുകയും അതിനുശേഷം അക്രമികളെ ശിക്ഷിക്കുകയും ചെയ്യുക എന്നതാണ്. ഈ അശാന്തിയുടെ അവസ്ഥയിൽ ആരെയെങ്കിലും ശിക്ഷിച്ചാൽ അത് രാജ്യത്ത് കൂടുതൽ കലാപം സൃഷ്ടിക്കുകയാണ് ചെയ്യുക. ഇതു കേട്ട അവർ പറഞ്ഞു; ഹദ്റത്ത് അലിയുടെ നിലപാട് അങ്ങനെയാണെങ്കിൽ അദ്ദേഹം വരട്ടെ ഞങ്ങൾ അദ്ദേഹത്തോടൊപ്പം നിൽക്കാൻ തയ്യാറാണ്. അക്കാര്യം അയാൾ ഹദ്റത്ത് അലി(റ)യെ അറിയിച്ചു. ഇരു കക്ഷികളുടെ ഭാഗത്തു നിന്നുമുള്ള പ്രതിനിധികൾ തമ്മിൽ കൂടിക്കാഴ്ച നടത്തി തീരുമാനത്തിലെത്തി, യുദ്ധം ചെയ്യുന്നത് ശരിയല്ല അനുരഞ്ജനമാണ് വേണ്ടത്. സബാഇകൾ അഥവാ അബ്ദുല്ലാഹുബ്നു സബായുടെ സംഘത്തിലുള്ളവരും ഹദ്റത്ത് ഉസ്മാന്റെ ഘാതകരും ഈ വാർത്ത കേട്ടപ്പോൾ പരസ്പരം കൂടിയാലോചിച്ച് ഒരു തീരുമാനമെടുത്തു; അതായത് മുസ്ലിംകൾ പരസ്പരം ഒത്തുതീർപ്പിലെത്തുന്നത് നമുക്ക് ഭീഷണിയാണ്. കാരണം രഞ്ജിപ്പിലെത്തി സമാധാനാവസ്ഥ കൈവന്നാൽ പിന്നെ നമുക്ക് നില്ക്ക കള്ളിയില്ല. അതുകൊണ്ട് ഏതുവിധേനയും രഞ്ജിപ്പിലെത്താതെ നോക്കണം.

ഹദ്റത്ത് അലി(റ) ബസ്രയിലെത്തി രണ്ടാം നാൾ സുബൈറുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം ചോദിച്ചു, എന്നോടു യുദ്ധം ചെയ്യാൻ താങ്കൾ ഒരു സൈന്യത്തെ സജ്ജമാക്കിയിട്ടുണ്ടല്ലോ, എന്നാൽ അല്ലാഹുവിന്റെ മുന്നിൽ സമർപ്പിക്കാൻ വല്ല ന്യായീകരണവും കരുതി വച്ചിട്ടുണ്ടോ? നിങ്ങളെന്തിനാണ് സ്വന്തം കരങ്ങളാൽ ഇസ്ലാമിനെ തകർക്കാൻ തുനിഞ്ഞിരിക്കുന്നത്. അതിനുവേണ്ടി നിങ്ങൾ ജീവൻ നൽകിയാണ് സേവനം ചെയ്തിരുന്നത്. ഞാൻ നിങ്ങളുടെ സഹോദരനല്ലെ. മറ്റൊരാളെ വധിക്കുന്നത് മുൻപ് നിങ്ങൾ നിഷിദ്ധമായിക്കരുതിയിരുന്നത് ഇപ്പോൾ എങ്ങനെ അനുവദനീയമായി?. പുതിയ കാര്യം വല്ലതും നടന്നിട്ടുണ്ടോ? അല്ലാത്തപക്ഷം എതിർപ്പിന്റെ ആവശ്യമെന്താണ്? അപ്പോൾ ഹദ്റത്ത് സുബൈർ(റ)ന്റെ കൂടെയുണ്ടായിരുന്ന ഹദ്റത്ത് ത്വൽഹ(റ)പറഞ്ഞു; താങ്കൾ ഹദ്റത്ത് ഉസ്മാനെ വധിക്കുന്ന കാര്യത്തിൽ ജനങ്ങളെ പ്രകോപിപ്പിക്കുകയുണ്ടായി. ഹദ്റത്ത് അലി(റ) പറഞ്ഞു; ഹദ്റത്ത് ഉസ്മാന്റെ വധത്തിൽ പങ്കാളികളായവരുടെ മേൽ ഞാൻ ശാപം ചൊരിയുന്നു. തുടർന്ന് ഹദ്റത്ത് സുബൈറിനോട് പറഞ്ഞു; ഹദ്റത്ത് അലിയുമായി യുദ്ധം ചെയ്യുന്നതിലൂടെ നീ തീർച്ചയായും അക്രമിയായിത്തീരുന്നതാണ് എന്ന് നബി(സ)തിരുമേനി പറഞ്ഞിരുന്നത് നിനക്കോർമ്മയില്ലേ. ഇതുകേട്ട് ഹദ്റത്ത് സുബൈർ(റ) തന്റെ സൈന്യത്തിന്റെ മുന്നിലെത്തി ഹദ്റത്ത് അലിയുമായി ഒരിക്കലും യുദ്ധം ചെയ്യുകയില്ല എന്ന് സത്യം ചെയ്യുകയും തനിക്ക് ധാരണാ പിശകു സംഭവിച്ചെന്ന് അംഗീകരിക്കുകയും ചെയ്തു. സൈന്യത്തിൽ ഈ വാർത്ത പരന്നപ്പോൾ എല്ലാവർക്കും ആശ്വാസമായി. ഇനി യുദ്ധമുണ്ടുകുകയില്ല മറിച്ച് സുല്ഹ് -രഞ്ജിപ്പാണ് ഉണ്ടാകുക. എന്നാൽ കലാപകാരികൾക്ക് ആശങ്കയുണ്ടായി. രാത്രിയായപ്പോൾ അവർ രഞ്ജിപ്പ് ഇല്ലാതാക്കുന്നതിനായി ഒരു പദ്ധതി ആസൂത്രണം ചെയ്തു. അവരിൽ നിന്ന് ഹദ്റത്ത് അലിയുടെ പക്ഷത്തുണ്ടായിരുന്നവർ ഹദ്റത്ത് ആയിശ, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത സുബൈർ(റ)എന്നിവരുടെ മേൽ രാത്രി കടന്നാക്രമണം നടത്തി. അവരുടെ തന്നെ സൈന്യത്തിലുണ്ടായിരുന്നവർ ഹദ്റത്ത് അലിയുടെ സൈന്യത്തേയും രാത്രി കടന്നാക്രമിച്ചു. തൽഫലമായി ഒച്ചപ്പാടുണ്ടായി. മറുപക്ഷം വഞ്ചിച്ചിരിക്കുന്നു എന്നു ഇരു കൂട്ടരും ധരിച്ചു. യഥാർത്ഥത്തിൽ സബായികളുടെ ഒരു തന്ത്രമായിരുന്നു അത്. യുദ്ധം ആരംഭിച്ചപ്പോൾ ഹദ്റത്ത് അലി(റ) വിളിച്ചു പറഞ്ഞു; ആരെങ്കിലും ഹദ്റത്ത് ആയിശക്ക് അറിയിപ്പുകൊടുക്കുക ഒരുപക്ഷെ അല്ലാഹു അവർ മുഖേന ഈ ഫിത്നയെ ഇല്ലാതാക്കും. അങ്ങനെ ഹദ്റത്ത് ആയിശയുടെ ഒട്ടകത്തെ മുമ്പിൽ നിർത്തി. എന്നാൽ അതു കൂടുതൽ അപകടകരമായി. തങ്ങളുടെ തന്ത്രങ്ങൾ വീണ്ടും തിരിച്ചടിയായി എന്നു കണ്ട കലാപകാരികൾ ഹദ്റത്ത് ആയിശയുടെ ഒട്ടകത്തിനു നേർക്ക് അമ്പെയ്യാൻ തുടങ്ങി. ഹദ്റത്ത് ആയിഷ(റ), അല്ലയോ ജനങ്ങളേ യുദ്ധം ഉപേക്ഷിക്കുക അല്ലാഹുവിനെയും രക്ഷാശിക്ഷയുടെ നാളിനെയും ഭയപ്പെടുക എന്ന് ഉച്ചത്തിൽ വിളിച്ചു പറയാൻ തുടങ്ങി. എന്നാൽ കലാപകാരികൾ പിൻതിരിഞ്ഞില്ല. ഒട്ടകത്തിനു നേരെ അമ്പെയ്തുകൊണ്ടേയിരുന്നു. ബസ്രക്കാർ ഹദ്റത്ത് ആയിശയുടെ ചുറ്റുമുണ്ടായിരുന്ന സൈന്യത്തോടൊപ്പമായിരുന്നു നിന്നിരുന്നത്. അതുകണ്ട് അവർ വളരെയധികം കോപാകുലരായി ഉമ്മുൽ മുഅ്മിനീനോടുള്ള ഈ ധിക്കാരം കണ്ട് അവർക്ക് കോപം അതിരു വിട്ടു. അവർ വാൾ ഊരിക്കൊണ്ട് എതിർ സൈന്യത്തിനുമേൽ ആക്രമണം നടത്തി. അങ്ങനെ ഹദ്റത്ത് ആയിശയുടെ ഒട്ടകം യുദ്ധകേന്ദ്രമായി മാറി. സ്വഹാബാക്കളും വലിയ വലിയ ധീരൻമാരും അതിനു ചുറ്റും കൂടി. ഓരോരുത്തരായി വധിക്കപ്പെടാൻ തുടങ്ങി. എങ്കിലും ഒട്ടകത്തിന്റെ കടിഞ്ഞാണിൽ നിന്നും പിടിവിട്ടില്ല. ഹദ്റത്ത് സുബൈർ യുദ്ധത്തിൽ പങ്കെടുത്തതേയില്ല. ഒരുവശത്തേക്കു മാറിനിന്നു എങ്കിലും അദ്ദേഹം നമസ്കരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ഒരു ക്രൂരൻ പിറകിൽ നിന്നും ആക്രമിച്ച് ശഹീദാക്കി. ഹദ്റത്ത് ത്വൽഹ(റ)യും അതേ യുദ്ധത്തിൽത്തന്നെ കലാപകാരികളുടെ കൈകളാൽ വധിക്കപ്പെട്ടു. ഈ സംഭവങ്ങളിൽ നിന്നെല്ലാം, സ്വഹാബാക്കൾക്ക് ഈ യുദ്ധത്തിൽ യാതൊരു പങ്കും ഉണ്ടായിരുന്നില്ല എന്നും ഈ വിദ്രോഹപ്രവർത്തനങ്ങളെല്ലാം

ഉസ്മാൻ(റ)ന്റെ ഘാതകരുടേതു തന്നെയായിരുന്നു എന്നും ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബൈറും(റ) അലി(റ)യുടെ ബൈഅത്തിനു ശേഷമാണ് മരണപ്പെട്ടതെന്നും വളരെ വ്യക്തമാകുന്നു. അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ നിന്നും പിൻമാറുകയും ഹദ്റത്ത് അലി(റ)യുടെ കൂടെ നിൽക്കാമെന്ന് സമ്മതിച്ചവരുമാണ്. പക്ഷെ ചില ദുഷ്ടന്മാരുടെ കൈകളാൽ വധിക്കപ്പെടുകയാണുണ്ടായത്. അതുകൊണ്ടുതന്നെ ഹദ്റത്ത് അലി(റ) അവരുടെ ഘാതകരെ ശപിക്കുകയും ചെയ്തു.

ജമൽ യുദ്ധാവസരത്തിൽ ഹദ്റത്ത് ത്വൽഹയുടെ അടുക്കൽ ഒരു സ്വഹാബി വന്നുകൊണ്ട് പറഞ്ഞു; ത്വൽഹാ, നിനക്കോർമ്മയുണ്ടോ ഒരിക്കൽ ഞാനും നീയും നബി(സ)തിരുമേനിയുടെ സദസ്സിൽ ഇരിക്കുകയായിരുന്നു നബി(സ)തിരുമേനി പറഞ്ഞു; ത്വൽഹാ നിനക്ക് ഒരു സമയം വരും നീ വേറൊരു സൈന്യത്തിലും അലി മറ്റൊരു സൈന്യത്തിലുമാകും അപ്പോൾ അലി ശരിയായ പക്ഷത്തും നീ തെറ്റായ ഭാഗത്തുമായിരിക്കും. ഹദ്റത്ത് ത്വൽഹക്ക് ഇതുകേട്ടപ്പോൾ കാര്യം മനസ്സിലായി . അദ്ദേഹം പറഞ്ഞു: അതെ എനിക്കോർമ്മ വന്നു. അങ്ങനെ അപ്പോൾത്തന്നെ അദ്ദേഹം ആ സൈന്യത്തിൽ നിന്നും വിട്ടുമാറി. അദ്ദേഹം അങ്ങനെ നബി(സ) തിരുമേനിയുടെ വാക്കുകൾ പൂർത്തിയകുന്നതിനായി യുദ്ധം ഉപേക്ഷിച്ച് പോകുമ്പോൾ ഒരു ദുർഭഗൻ പിന്നിൽ നിന്നും കഠാരകൊണ്ട് ആക്രമിച്ച് അദ്ദേഹത്തെ ശഹീദാക്കി. ഹദ്റത്ത് അലി തന്റെ ഇരിപ്പിടത്തിൽത്തന്നെ ഇരിക്കുകയായിരുന്നു. ആ ഘാതകൻ തനിക്ക് വലിയ പാരിതോഷികം ലഭിക്കുമെന്ന ചിന്തയിൽ ഓടി വന്ന് ഹദ്റത്ത് അലി(റ)യോട് പറഞ്ഞു; അല്ലയോ അമീറുൽ മുഅ്മിനീൻ, താങ്കളുടെ ശത്രു വധിക്കപ്പെട്ട വാർത്തയിതാ ഞാനറിയിക്കുന്നു. ഹദ്റത്ത് അലി ചോദിച്ചു; ഏതു ശത്രു? അയാൾ പറഞ്ഞു; അല്ലയോ അമീറുൽ മുഅ്മിനീൻ ഞാൻ ത്വൽഹയെ വധിച്ചിരിക്കുന്നു. ഹദ്റത്ത് അലി പറഞ്ഞു; ഹേ മനുഷ്യാ നബി(സ) തിരുമേനിയുടെ ഭാഗത്തു നിന്നും നിനക്ക് നരകത്തിന്റെ വാർത്തയറിയിക്കുകയാണ്. നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞിരുന്നു; അല്ലയോ ത്വൽഹാ സത്യത്തിനും നീതിക്കും വേണ്ടി നീ ഒരിക്കൽ അപമാനിതനാകും. നിന്നെ ഒരാൾ വധിക്കും അല്ലാഹു ആ വ്യക്തിയെ നരകത്തിൽ ഇടുകയും ചെയ്യുന്നതാണ്. ഹദ്റത്ത് ത്വൽഹ ശഹീദായിക്കഴിഞ്ഞ് ഹദ്റത്ത് അലി അദ്ദേഹത്തെ വധിക്കപ്പെട്ട നിലയിൽ കണ്ടപ്പോൾ അദ്ദേഹത്തിന്റ മുഖത്തു നിന്നും മണ്ണ് തുടച്ചു നീക്കിക്കൊണ്ട് പറഞ്ഞു; അല്ലയോ അബൂമുഹമ്മദ്, ആകാശത്തിലെ നക്ഷത്രങ്ങൾക്കു കീഴെ താങ്കളെ ഇത്തരത്തിൽ മണ്ണു പുരണ്ട അവസ്ഥയിൽ കാണാൻ എനിക്കു വളരെവിഷമമുണ്ട്. അതിനു ശേഷം ഹദ്റത്ത് ത്വൽഹയുടെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്തു. എന്നിട്ടു പറഞ്ഞു; ഞാൻ ഇരുപതു വർഷം മുൻപ് മരിച്ചുപോയിരുന്നെങ്കിൽ എത്ര നന്നായേനെ.

ഹുസൂർ പറഞ്ഞു; ഇതോടെ അദ്ദേഹത്തെക്കുറിച്ചുള്ള പരാമർശം അവസാനിക്കുന്നു. ഇനി ഞാൻ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി വായിക്കുകയാണ്. ഒരവസരത്തിൽ അവിടന്ന് മുഫ്തി സാഹിബിനോട് പറയുകയുണ്ടായി; വീടുകൾ പ്രകാശപൂരിതമാക്കുക. ഇന്നത്തെ അവസ്ഥയിൽ വീട് നന്നായി വൃത്തിയായി സൂക്ഷിക്കേണ്ടതാണ് (പ്ലേഗ് ഉണ്ടായ സമയത്തുള്ള കാര്യമാണിത്). വസ്ത്രങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഈ ദിനങ്ങൾ വളരെ കാഠിന്യം നിറഞ്ഞതാണ്. വായു വിഷലിപ്തമാണ്, ശുചിത്വം സുന്നത്താകുന്നു. വിശുദ്ധഖുർആനിലും പറഞ്ഞിരിക്കുന്നു, **വസിയാബക്ക ഫത്വഹ്ഹിർ. വർറുജ്സ ഫഹ്ജുർ**. മറ്റൊരവസരത്തിൽ പറഞ്ഞു; പ്ലേഗ് തീവ്രമായി വ്യാപിച്ചിട്ടുള്ള ഗ്രാമങ്ങളിലും നഗരങ്ങളിലും താമസിക്കുന്നവർ മറ്റു സ്ഥലങ്ങളിൽ പോകരുത്, സ്വന്തം വീടുകൾ വൃത്തിയാക്കുകയും അവയിൽ ചൂട് നിലനിർത്തുകയും ചെയ്യുക. അത്യാവശ്യമായ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക. എല്ലാറ്റിലുമുപരിയായി ശരിയായ തൗബ ചെയ്യുക. പരിശുദ്ധമായ പരിവർത്തനമുണ്ടാക്കി അല്ലാഹുവുമായി രഞ്ജിപ്പുണ്ടാക്കുക. രാത്രികളിൽ എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും ദുആ ഇരക്കുകയും ചെയ്യുക. പിന്നീട് അദ്ദേഹം പറഞ്ഞു; സ്വന്തം അവസ്ഥയിൽ സൽപരിവർത്തനം വരുത്തുന്നതിലൂടെ മാത്രമേ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും രക്ഷനേടാൻ സാധിക്കുകയുള്ളൂ. -വലനിഅ്മ മാ ഖീല-

ഹുസൂർ ദുആ ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു; അല്ലാഹുത്തആല എല്ലാ അഹ്മദികൾക്കും ഈ ദിനങ്ങളിൽ ദുആയിലേക്ക് പ്രത്യേകം ഊന്നൽ നൽകുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കുക. വീടുകൾ കഴുകി വൃത്തിയാക്കുക. ഡെറ്റോൾ മുതലായവ ഉപയോഗിച്ച് സ്പ്രേ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു എല്ലാവരിലും കരുണ ചൊരിയുമാറാകട്ടെ. എന്തായാലും ഈ ദിനങ്ങളിൽ ദുആകളിലേക്ക് പ്രത്യേകം ഊന്നൽ നൽകുക. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.(ആമീൻ)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 03.04.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516